# വിവാഹമോചനാവകാശം

# ശരീഅത്തിന്റെ മഹത്തായ ദാനം

### സൽമാ സിദ്ദീഖി

ഭാര്യക്കും ഭർത്താവിനും യോജിച്ചു കഴിയാൻ പറ്റുന്നില്ലെങ്കിൽ, അവരേത് മതക്കാരാവട്ടെ വിവാഹമോചനം നടത്തുകതന്നെയാണ് നല്ലത്.

വാസ്തവത്തിൽ സ്ത്രീക്ക് വിവാഹമോചനത്തിനു അവകാശം നൽകുന്ന ഒരേയൊരു മതം ഇസ്‌ലാമാണ്. മതം വിവാഹമോചനം അനുവദിക്കാത്ത ഒറ്റക്കാരണത്താൽ ഭർത്താവിനോടൊപ്പം കഷ്ടപ്പെട്ട് ജീവിക്കേണ്ടിവരുന്ന സ്ത്രീകളുണ്ട്. സ്ത്രീകളുടെ ഈ ദുരിതം കണ്ടിട്ടെങ്കിലും മറ്റു മതങ്ങൾ സ്ത്രീക്ക് തന്റെ ഭർത്താവിൽനിന്ന് വിവാഹമോചനം തേടാനുള്ള അവകാശം നൽകേണ്ടതാണ്. ഈ അവകാശം മുസ്‌ലിം സ്ത്രീകൾക്ക് അവരുടെ മതം അനുവദിച്ചുകൊടുക്കുന്നു എന്നതിനാൽ അവരുടെ അവസ്ഥ മെച്ചപ്പെട്ടതാണ്. യഥാർഥത്തിൽ മുസ്‌ലിം വ്യക്തിനിയമത്തിന്റെ മഹത്തായ ദാനമാണ് വിവാഹമോചനത്തിനുള്ള അവകാശം.

ബഹുഭാര്യാത്വം: എത്ര മുസ്‌ലിംകളുണ്ട് ഒന്നിലധികം ഭാര്യമാരെ വേട്ടവരായി? ഞാൻ അലീഗറിലാണ് താമസിക്കുന്നത്. രണ്ട് ഭാര്യമാരുള്ള മൂന്നു പുരുഷന്മാരെ മാത്രമേ ഞാനോർമിക്കുന്നുള്ളൂ. അവരെല്ലാം സമുദായത്തിന്റെ വിമർശനത്തിനു വിധേയരുമാണ്.

മുസ്‌ലിം വ്യക്തിനിയമം 'ശരീഅത്തി'ന്റെ ഭാഗമാണ്. ഖുർആനാണ് അതിന്റെ അടിസ്ഥാനം. അതാകട്ടെ, അന്തിമവുമാണ്. അത് മാറ്റാനും തിരുത്താനും പാടില്ല. ഒന്നുകിൽ അത് വിശ്വസിക്കുക. അല്ലെങ്കിൽ വിശ്വസിക്കാതിരിക്കുക. ഇതല്ലാതെ മൂന്നാമതൊരു മാർഗമില്ല. നിങ്ങളുടെ മതം പരിപൂർണമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നു; അതിനൊരു ഗ്രന്ഥവുമുണ്ട്. എങ്കിൽ വല്ല പ്രശ്നവുമുണ്ടായാൽ ആ ഗ്രന്ഥത്തിൽ നോക്കുകയാണ് വേണ്ടത്. ഇസ്‌ലാമിലാകട്ടെ, എല്ലാ പ്രശ്നങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങളുണ്ട്; ഒന്നുംതന്നെ അത് അവ്യക്തമായി വിട്ടിട്ടില്ല (ദ സൺഡെ ഒബ്സർവർ, മെയ് 6,'84)

(പ്രശസ്ത നോവലിസ്റ്റായ കൃഷൻ ചന്ദറിന്റെ ഭാര്യയും ഉർദുവിലെ പേരെടുത്ത ചെറുകഥാകൃത്തുമാണ് സൽമാ സിദ്ദീഖി)